NOT TO BE SERVED BUT TO SERVE
JOSE PORUNNEDOM
BISHOP OF MANANTHAVADY

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

ലോകത്താകമാനം മനുഷ്യജീവന് ഭീഷണി ഉയർത്തിക്കൊണ്ട് വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണാ വൈറസിനെ നിയന്ത്രണവിധേയമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരും കേരള സർക്കാരും എടുത്തിട്ടുള്ള പ്രതിരോധ നടപടികളെക്കുറിച്ച് നിങ്ങൾ ഇതിനകം മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞിട്ടുണ്ടാവുമല്ലോ. പൊതു സമൂഹത്തിന്റെ നന്മയ്ക്കുതകുന്ന ഇത്തരം നടപടികളിൽ സഭാ സമൂഹം എന്ന നിലയിൽ നമ്മൾ സഹകരിക്കേണ്ടതുണ്ട്. അവയോട് സഹകരിക്കാത്തവരുടെ പേരിൽ നിയമ നടപടികൾ പോലും സർക്കാർ സ്വീകരിച്ചു എന്ന് വരാം. എന്നാൽ കേവലം നിയമനടപടികളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയല്ല, നമ്മുടെ സഹോദരീ സഹോദരൻമാരുടെ ജീവനെ സംരക്ഷിക്കുന്നതിനുള്ള നമ്മുടെ ഗൗരവതരമായ ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് മേൽപ്പറഞ്ഞ നടപടികളോട് നമ്മൾ സഹകരിക്കേണ്ടത്. അങ്ങനെ നമ്മൾ ചെയ്യാത്തപക്ഷം അത് കൊല്ലരുത് എന്ന ദൈവപ്രമാണത്തിനെതിരായിട്ടുള്ള പ്രവർത്തിയായിട്ടുപോലും വ്യാഖ്യാനിക്കപ്പെട്ടെന്നു വരാം. ഈ വിഷയം സംബന്ധിച്ച് വിവിധ ക്രിസ്തീയ സമൂഹങ്ങൾ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞു. നമുക്കും അവരോടൊപ്പം ഈ വൈറസ് ബാധയെ പ്രതിരോധിക്കുന്നതിൽ പങ്കാളികളാകാം. പ്രത്യേകമായി താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവം വായിച്ച് അവയനുസരിച്ച് പ്രവർത്തിക്കാൻ സഹകരിക്കുമല്ലോ.

1. 2020 മാർച്ച് 31–ാം തീയതിവരെ ഇടവകകളിലെ വിശ്വാസ പരിശീലന ക്ലാസുകൾ, ധ്യാനങ്ങൾ, പൊതുവായുള്ള കുരിശിന്റെ വഴി, കുടുംബ യൂണിറ്റ് മീറ്റിങ്ങുകൾ, വീടുവെഞ്ചരിപ്പുകൾ, തീർത്ഥാടനങ്ങൾ, കൺവെൻഷനുകൾ, വാർഷികം പോലെയുള്ള ആഘോഷങ്ങൾ എന്നിവയും, ഇതുപോലെ ആളുകൾ കൂടുതലായി ഒന്നിച്ച് വരുന്ന പരിപാടികളും ഒഴിവാക്കേണ്ടതാണ്. മേൽപ്പറഞ്ഞ തീയതി വരെ ദേവാലയങ്ങളിൽ വിശുദ്ധ കുർബാന അർപ്പണം മാത്രം മതിയാകും.

2. വിശുദ്ധ കുർബാന ഈശോയുടെ തിരുശരീരത്തിന്റെ സാദൃശ്യത്തിൽ മാത്രം കൈകളിൽ സ്വീകരിക്കുക. വിശുദ്ധ കുർബാന നൽകുന്നവർ അതിനു തൊട്ടു മുൻപും ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ടതാണ്. അതിനുള്ള സൗകര്യം ദേവാലയത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. വിശുദ്ധ കുർബാനയ്ക്ക് ഇടയ്ക്കുള്ള സമാധാന ആശംസ കൂപ്പുകൈകളോടെ നടത്തിയാൽ മതിയാകുന്നതാണ്. കൈകളിൽ സ്പർശിക്കേണ്ടതില്ല.
3. വിശ്വാസികളുടെ ഉപയോഗത്തിനായി ഹന്നാൻ വെള്ളം ദേവാലയ കവാടത്തിലോ, മറ്റിടങ്ങളിലോ സൂക്ഷിക്കേണ്ടതില്ല. ഹന്നാൻ വെള്ളത്തിൽ പലർ സ്പർശിക്കുന്ന സാഹചര്യം ഒഴിവാക്കാനാണിത്. ദേവാലയത്തിലെ തിരുസ്വരൂപങ്ങൾ, വിശുദ്ധ വസ്തുക്കൾ തുടങ്ങിയവ തൊട്ടുമുത്തുകയോ, ചുംബിക്കുകയോ ചെയ്യുന്നതിന് പകരം കൈകൂപ്പി വണങ്ങിയാൽ മതിയാകും.
4. മൃതസംസ്കാര ശുശ്രൂഷകളിൽ കൂടുതൽ പേർ ഒരുമിച്ച് വരുന്നത് ഒഴിവാക്കണം. അതിനു പകരമായി നേരത്തെതന്നെ മൃതശരീരം ദർശനം നടത്തി പ്രാർത്ഥിച്ചു പോകുന്നതാണ് ഉചിതം. മൃതദേഹത്തിൽ സ്പർശിക്കുന്നതും ചുംബിക്കുന്നതും തീർത്തും ഒഴിവാക്കണം.
5. കൊറോണ വൈറസ് ബാധയുടെ ലക്ഷണങ്ങളായ തലവേദന, പനി, വരണ്ട ചുമ എന്നിവയുള്ളവർ കേരളസർക്കാരിന്റെ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെട്ട്, വൈറസ് ബാധയില്ല എന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ വി. കുർബാനക്കും ആളുകൾ ഒത്തുചേരുന്ന മറ്റിടങ്ങളിലും പോകാവൂ.

വിദേശത്തുനിന്ന് എത്തുന്നവർ കർശനമായും സർക്കാരിന്റെ നിബന്ധനകളനുസരിച്ച് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വൈറസ് ബാധ ഇല്ല എന്ന് ഉറപ്പുവരുത്തിയ ശേഷമേ പൊതുചടങ്ങുകളിൽ സംബന്ധിക്കാവൂ.


ദേവാലയകേന്ദ്രീകൃതമായ നോമ്പുകാലഭക്തകൃത്യങ്ങൾക്ക് തടസ്സം നേരിടുന്നു എന്നതിനാൽ ഭവനങ്ങളിൽ നോമ്പുകാല ചൈതന്യവും പ്രാർത്ഥനാരൂപിയും കൂടുതൽ ഉത്സാഹത്തോടെ കാത്തുസൂക്ഷിക്കുവാനും വിശുദ്ധ ഗ്രന്ഥവായനക്കും പ്രാർത്ഥനക്കും കൂടുതൽ സമയം കണ്ടെത്താനും ഏവരും ശ്രദ്ധിക്കേണ്ടതാണ്. വ്യക്തിപരമായ പ്രാർത്ഥനകളിലും കുടുംബ പ്രാർത്ഥനകളിലും വി. കുർബാനയിലും ഈ വൈറസ് ബാധയിൽ നിന്നും മറ്റെല്ലാ പകർച്ചവ്യാധികളിൽ നിന്നും വിടുതൽ കിട്ടാനായി ഈശോയോട് പ്രത്യേകം

പ്രാർത്ഥിക്കുകയും, പരിശുദ്ധ അമ്മയുടെയും മറ്റു വിശുദ്ധരുടെയും മധ്യസ്ഥ സഹായം തേടുകയും ചെയ്യണം.

പരിഭ്രാന്തരാവുകയോ പരിഭ്രാന്തിപരത്തുകയോ ചെയ്യാതെ പ്രാർത്ഥനാ പൂർവ്വം ജാഗ്രതയോടെ വൈറസ് ബാധയെ നമുക്ക് നേരിടാം. ഇക്കാര്യത്തിൽ പ്രത്യേകിച്ച് സമൂഹമാധ്യമങ്ങളിലൂടെ വരുന്ന വ്യാജവാർത്തകൾ വിശ്വസിക്കാ തിരിക്കുകയും അവ മറ്റുള്ളവർക്ക് അയച്ചു കൊടുക്കാതിരിക്കുകയും ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ സർക്കാരും ആരോഗ്യ രംഗത്ത് നിസ്വാർത്ഥമായി പ്രവർത്തിക്കു ന്നവരും ചെയ്യുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. എത്രയും വേഗം ഈ വ്യാധിയിൽ നിന്ന് മോചനം നേടാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. ഏപ്രിൽ 15 വരെ താഴെ കൊടുത്തിരി ക്കുന്ന പ്രാർത്ഥന വിശുദ്ധ കുർബാനയിലെ കാറോസൂസ പ്രാർത്ഥനയോട് ചേർത്ത് ചൊല്ലേണ്ടതാണ്.

കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.



മാർ ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

## പ്രാർത്ഥന

രോഗികളെ സുഖപ്പെടുത്തുകയും ദു:ഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവേ കൊറോണ വൈറസ് മൂലം രോഗബാധിതരായി കഴിയുന്ന ലോകമെമ്പാടുമുള്ള ഞങ്ങളുടെ സഹോദരങ്ങളെ സുഖപ്പെടുത്തണ മെന്നും, രോഗബാധയിൽ നിന്ന് ഞങ്ങളെയും, രോഗിശുശ്രൂഷകരെയും സംരക്ഷി ക്കണമെന്നും, ഈ പകർച്ചവ്യാധിയെ പ്രതിരോധിക്കാൻ ആവശ്യമായ മാർഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.